

**1962-ൽ ഈജിപ്തിൽ ജനിച്ച അഹ്മദ് മൻസൂർ ഈജിപ്തിലെ അൽ മൻസൂറ യൂനിവേഴ്സിറ്റിയിൽനിന്ന് സാഹിത്യത്തിൽ ബിരുദമെടുത്തു. 1984 മുതൽ 1987 വരെ ഈജിപ്തിലെ അനേകം പ്രസിദ്ധീകരണങ്ങളുടെ സാരഥ്യം. '87 മുതൽ '90 വരെ നിരവധി പത്ര, മാഗസിനുകൾക്കു വേണ്ടി മധ്യേഷ്യൻ, അഫ്ഗാൻ കാര്യ റിപ്പോർട്ടറായി സേവനമനുഷ്ഠിച്ചു. ഈ കാലയളവിൽ അഫ്ഗാൻയുദ്ധം റിപ്പോർട്ട് ചെയ്തു. '90 മുതൽ '97 വരെ *അൽ മുജ്തമഅ്* വാരികയുടെ ചീഫ് എഡിറ്റർ. '94-'95 കാലയളവിൽ ബോസ്നിയൻ യുദ്ധം റിപ്പോർട്ട് ചെയ്തു. 2004-ൽ ഇറാഖിലെ യു.എസ് അധിനിവേശാനന്തരം ഒന്നാം ഫലൂജ പോരാട്ടം റിപ്പോർട്ട് ചെയ്തു. 'അമേരിക്കൻ ഭരണത്തിലെ ജൂതസ്വാധീനം', 'ബഗ്ദാദ് പതനത്തിന്റെ കഥ' തുടങ്ങി പതിനാറ് ഗ്രന്ഥങ്ങളുടെ കർത്താവ്. '97 മുതൽ അൽജസീറ ചാനലിൽ ബിലാ ഹുദൂദ് (അതിരുകളില്ലാതെ), ശാഹിദുൻ അലൽ അസ്ർ (കാലത്തിന്റെ സാക്ഷി) എന്നീ പ്രതിവാര പരിപാടികളുടെ അവതാരകനായും ന്യൂസ് റീഡറായും സേവനമനുഷ്ഠിക്കുന്നു.**

# ഇറാഖ്: ഒറ്റുകാരുടെ ഗതിയെന്ത്?

**അഹ്മദ് മൻസൂർ**

**നാലു** വർഷത്തെ അധിനിവേശ പേക്കൂത്തിനു ശേഷം ബ്രിട്ടീഷ് സൈന്യം ഗതിയില്ലാത്തതിനാൽ ഇറാഖ് വിടാൻ ഒരുങ്ങുകയാണ്. സേനാ പിന്മാറ്റം ഉടൻ ഉണ്ടാവുമെന്ന സൂചന ഔദ്യോഗിക കേന്ദ്രങ്ങൾ നൽകിക്കഴിഞ്ഞു. നഷ്ടത്തിന്റെ കണക്കുകൾ ദിനംപ്രതി ഏറിവരുന്ന പശ്ചാത്തലത്തിൽ 'മാന്യമായ പിന്മാറ്റ'ത്തിന് പറ്റിയ സന്ദർഭം തേടുകയാണ് അമേരിക്കൻ സേനയും.

ഈയൊരു സാഹചര്യം, സേനാപിന്മാറ്റത്തിനു ശേഷമുള്ള ഇറാഖിനെക്കുറിച്ച് ചിന്തിക്കാൻ പ്രേരണ നൽകുന്നതാണ്. അമേരിക്കയിലെയും ബ്രിട്ടനിലെയും ഒട്ടേറെ രാഷ്ട്രീയ, സൈനിക നിരീക്ഷകർ ഇതു സംബന്ധമായ അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇനിയുമേറെ നഷ്ടങ്ങളില്ലാതെ എങ്ങനെ തടിയൂരാമെന്ന് അമേരിക്കയും ബ്രിട്ടനും തലപുകക്കുമ്പോൾ, ഇരു രാജ്യങ്ങളിലെയും മാധ്യമങ്ങൾ താൽപര്യപൂർവം ചർച്ച ചെയ്യുന്നത് അധിനിവേശസേനയുടെ തന്നെ ഭാഗമായ മറ്റൊരു വിഭാഗത്തെക്കുറിച്ചാണ്; സ്വന്തം രാജ്യത്തെ ചവിട്ടിമെതിക്കാൻ അധിനിവേശകർക്കൊപ്പം കൂടിയ ഏജന്റുമാരെക്കുറിച്ച്. സ്വന്തത്തെയും നാടിനെയും അധിനിവേശക്കാർക്ക് തുഛ വിലയ്ക്ക് വിൽപന നടത്തിയ ഈ ചാരന്മാരുടെ ഗതിയെന്താവുമെന്ന ചോദ്യമുയർത്തി നിരവധി കുറിപ്പുകൾ പാശ്ചാത്യ പത്രമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു.

പ്രമുഖ അമേരിക്കൻ എഴുത്തുകാരൻ ഫ്രാൻസിസ് ഫുക്കുയാമയാണ് ഈ ചോദ്യമുയർത്തുന്ന പ്രമുഖരിൽ ഒരാൾ. 'സേനാ പിന്മാറ്റത്തിനു മുമ്പ് ചില ചോദ്യങ്ങൾ' എന്ന തലക്കെട്ടിൽ അദ്ദേഹമെഴുതിയ ഒരു ലേഖനം മെയ് 7-ന് *ലോസ് ആഞ്ചൽസ് ടൈംസി*ൽ പ്രസിദ്ധീകരിച്ചുവരികയുണ്ടായി. വിയറ്റ്നാമിലെ അധിനിവേശ ഏജന്റുമാരുടെ യുദ്ധാനന്തര ഗതിയെക്കുറിച്ച് ഓർമപ്പെടുത്തിയ ശേഷം, അവരുമായി ഇറാഖിലെ അധിനിവേശ ഏജന്റുമാരെ താരതമ്യം ചെയ്യുകയാണ്. അദ്ദേഹം എഴുതി: "വിയറ്റ്നാമിലെ നമ്മുടെ സ്ഥാനപതി കാര്യാലയത്തിന് മുമ്പിൽനിന്ന് പറന്നുയർന്ന അവസാനത്തെ ഹെലികോപ്റ്ററിൽ പിടികിട്ടാവുന്ന ഭാഗങ്ങളിൽ അള്ളിപ്പിടിച്ച് രക്ഷപ്പെടാൻ ശ്രമം നടത്തിയ വിയറ്റ്നാമുകാരായ നമ്മുടെ ഏജന്റുമാരുടെ ചിത്രം ഒരിക്കൽകൂടി സ്മൃതിപഥത്തിൽ തെളിയേണ്ട സന്ദർഭമാണിത്."

ബ്രിട്ടീഷ് സൈന്യത്തിന്റെ ഇറാഖിൽനിന്നുള്ള പിന്മാറ്റത്തിന് സമയമെടുത്തിരിക്കെ, സേനാ ഏജന്റുമാരായി പ്രവർത്തിച്ച ആയിരക്കണക്കിന് ഇറാഖികളുടെ ഭാവിയെക്കുറിച്ച് ഫുക്കുയാമയുടേതിന് സമാനമായ ആശങ്കകൾ തന്നെ

യാണ് പ്രമുഖ ബ്രിട്ടീഷ് പത്രങ്ങളും പങ്കുവെക്കുന്നത്. സേനാ പിന്മാറ്റത്തെക്കുറിച്ച് ബ്രിട്ടൻ ഇനിയും ഔദ്യോഗിക പ്രഖ്യാപനം നടത്തിയിട്ടില്ല. എങ്കിൽകൂടി, കഴിഞ്ഞ മാസം നടന്ന കൂടിക്കാഴ്ചയിൽ പുതിയ ബ്രിട്ടീഷ് പ്രധാനമന്ത്രി ഗോർഡൻ ബ്രൗണിനെക്കൊണ്ട് സേനാ പിന്മാറ്റ തീരുമാനം പിൻവലിപ്പിക്കാൻ അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷിനായിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് ഒറ്റുകാരുടെ വിഷയം അടിയന്തര പ്രാധാന്യത്തോടെ ചർച്ചക്ക് വിധേയമാവുന്നത്.

ബ്രിട്ടീഷ് പത്രം *ടൈംസ്* ദിവസങ്ങളായി ഒറ്റുകാരുടെ പിന്നാലെയാണ്. ബ്രിട്ടീഷ് സൈന്യത്തിനു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 91 ദ്വിഭാഷികളെയും അവരുടെ കുടുംബങ്ങളെയും കുറിച്ച റിപ്പോർട്ടുകൾ *ടൈംസി*ലുണ്ട്. 2003 ഏപ്രിലിൽ ഇറാഖ് അധിനിവേശത്തിന്റെ തുടക്കം മുതൽ ബ്രിട്ടീഷ് സേനക്കു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അധിനിവേശ ചാരന്മാരുടെ എണ്ണം ഇരുപതിനായിരത്തിലേറെയാണെന്ന ഭീകരമായ കണക്ക് പത്രം പുറത്തുവിട്ടു. ഇവരെല്ലാം ജീവന് ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നുവെന്നും പത്രം വെളിപ്പെടുത്തി. ഈ മാസം ഏഴിന് പത്രത്തിന്റെ ഒന്നാം കവർ പേജിലും അകത്തെ മൂന്ന് പേജുകളിലും 'ഒറ്റുകാർ' നിറഞ്ഞുനിന്നു. തുടർദിവസങ്ങളിൽ വന്ന ലേഖനങ്ങളുടെയും പ്രതികരണ കുറിപ്പുകളുടെയും തുടക്കമായിരുന്നു അത്. 'വധശിക്ഷയർഹിക്കുന്ന രാജ്യദ്രോഹികൾ' എന്ന് ഇറാഖീജനത മുദ്രകുത്തിയ അധിനിവേശ ഏജന്റുമാരിൽ ഒരാൾ ജീവന് കടുത്ത ഭീഷണിയുമായി ബ്രിട്ടീഷ് സൈനിക ക്യാമ്പുകളിലൊന്നിൽ ഭീതിയോടെ കഴിയുകയാണ്. കനാനി എന്ന് പേരായ മറ്റൊരാൾ തന്റെ ജീവൻ രക്ഷിക്കണമെന്നപേക്ഷിച്ച്, പ്രധാനമന്ത്രിയായിരിക്കെ കഴിഞ്ഞ മേയിൽ ഇറാഖ് സന്ദർശിച്ച ടോണി ബ്ലെയറിന് ഒരു കത്ത് നൽകി. ബ്ലെയറുടെ ഏറ്റവുമടുത്ത ഉപദേഷ്ടാക്കളിലൊരാളായ റോസ് ടെനറിന്റെ കൈയിൽ നേരിട്ടാണ് കത്ത് കൊടുത്തത്. വർഷങ്ങളായി കനാനി ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ പരിഗണിച്ച് ഏറ്റവും അർഹമായ പ്രതിഫലം തന്നെ നൽകണമെന്ന് ഉന്നത സൈനിക ഓഫീസർമാരുടെ ശിപാർശയുമുണ്ടായി. എന്നാൽ, മെയ് 22-ന് പ്രധാനമന്ത്രികാര്യാലയത്തിലെ വിദേശകാര്യ ഉപദേഷ്ടാവ് നിക്ക് ബാനറിൽനിന്ന്, തന്റെ അപേക്ഷ നിരസിച്ചുകൊണ്ടുള്ള മറുപടിയാണ് 'അർഹിക്കുന്ന പ്രതിഫല'മായി ഒറ്റുകാരനു തിരിച്ച് ലഭിച്ചത്. ബ്രിട്ടനിലേക്ക് പ്രവേശന വിസ ലഭിക്കാനുള്ള നിബന്ധനകൾ അറിയണമെന്നുണ്ടെങ്കിൽ ഗവൺമെന്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കണമെന്ന 'വിലപ്പെട്ട' ഉപദേശവുമുണ്ടായിരുന്നു കൂടെ. സമാനമായ അനുഭവങ്ങൾ നിരവധിയുണ്ട്. ചെറുത്തുനിൽപ് പോരാളികളിൽനിന്ന് ജീവന് ഭീഷണി നേരിട്ട ഒറ്റുകാരിലൊരാൾ സിറിയയിലേക്ക് ഒളിച്ചോടി. പ്രതീക്ഷയോടെ അവിടത്തെ ബ്രിട്ടീഷ് എംബസിയെ സമീപിച്ച ഇദ്ദേഹത്തിന് എംബസിക്കകത്തേക്ക് പ്രവേശനാനുമതി നിഷേധിക്കപ്പെടുകയാണുണ്ടായത്.

മാധ്യമങ്ങളിലെ ചൂടേറിയ ചർച്ചകളെത്തുടർന്ന് പ്രശ്നത്തിന് മാന്യമായ പരിഹാരം കാണുമെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രിക്ക് പ്രഖ്യാപിക്കേണ്ടിവന്നു. എന്നാൽ, ഒന്നും രണ്ടുമല്ല ഇരുപതിനായിരം പേരാണ് ഇത്തരത്തിൽ ബ്രിട്ടന്റെ അഭയം കാത്തിരിക്കുന്നത് എന്നതിനാൽ ഒറ്റുകാർ ആശിക്കുന്ന ശുഭപര്യവസാനമാവില്ല പ്രശ്നത്തിൽ ഉണ്ടാവുക. മാസം തോറും 250 പൗണ്ടെന്ന താരതമ്യേന തുഛമായ ശമ്പളത്തിന് സ്വന്തം രാജ്യത്തെ ഒറ്റുകൊടുത്തവർക്ക് തങ്ങളുടെ സ്വാർഥതക്ക് വിലനൽകേണ്ടിവരുന്ന ദിനങ്ങളാണ് വരാനിരിക്കുന്നതെന്നാണ് സൂചന.

അതേസമയം, അമേരിക്ക തങ്ങൾക്കു വേണ്ടി പ്രവർത്തിച്ചിരുന്ന അധിനിവേശ ഏജന്റുമാർക്ക് വിസ നൽകി വരുന്നുണ്ട്. ഈ വർഷം ഏഴായിരം പേർക്ക് വിസ നൽകുമെന്ന പ്രഖ്യാപനമുണ്ടായെങ്കിലും തങ്ങളുടെ ദുരന്തപര്യവസാനത്തെക്കുറിച്ച പേക്കിനാവുകളിൽ തന്നെയാണ് ഭൂരിഭാഗം ഒറ്റുകാരും. ഏകദേശം അയ്യായിരം ഇറാഖികളാണ് യു.എസ് സൈന്യത്തോടൊപ്പം ദ്വിഭാഷികളായി കൂടിയത്. കേവലം ദ്വിഭാഷികൾ മാത്രമായിരുന്നില്ല ഇവർ. പലപ്പോഴും സൈന്യത്തിന് വഴികാട്ടികളായും ചെറുത്തുനിൽപ് കേന്ദ്രങ്ങളിലെ ചാരന്മാരായും ആണിവർ പ്രവർത്തിക്കുന്നത്. അതിനാൽതന്നെ ചെറുത്തുനിൽപ് സേന ഇവരെ പ്രത്യേകമായി ലക്ഷ്യം വെച്ച് വരുന്നു. ഇതിനകം അമേരിക്കക്കു വേണ്ടി നിലകൊണ്ട 250-ലേറെ ദ്വിഭാഷികൾ വധിക്കപ്പെട്ടു.

ഡെന്മാർക്ക് സേന പിന്മാറ്റത്തോടൊപ്പം തങ്ങളുടെ ഒറ്റുകാർക്ക് അഭയം നൽകിയിരുന്നു. അമേരിക്കയും ആ വഴിക്ക് നീങ്ങുന്നു. ബ്രിട്ടൻ പ്രശ്നപരിഹാരത്തെക്കുറിച്ച് ആലോചന നടത്തുന്നു. എന്തായാലും, സ്വന്തം നാടിനെ വിൽപനച്ചരക്കാക്കിയവർ സഹതാപമർഹിക്കുന്നില്ല. ഇറാഖിനകത്തായാലും പുറത്തായാലും കറുത്ത ദിനങ്ങളാണ് അവരെ കാത്തിരിക്കുന്നത്. അധികം വൈകാതെ ആ ക്ലൈമാക്സ് നേരിൽ കാണാം. ■

**വിവ: സമീർ കാളികാവ്**

## തിരുത്ത്

കഴിഞ്ഞ ലക്കം (12) 'ചോദ്യോത്തര'ത്തിൽ പേജ് 27 ഒന്നാം കോളം 11-ാം വരിയിൽ '....1977-ലെ ഇന്ത്യാ-പാക് യുദ്ധവും...' എന്നത് '...1971-ലെ....' എന്ന് തിരുത്തി വായിക്കുക. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.

പത്രാധിപർ